**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1061** **30-06-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാർഡാമിൽ നിന്ന് തിരുവനന്തപുരത്ത് കുടിവെള്ളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാർഡാമിൽ നിന്നും തിരുവനന്തപുരം നഗരത്തിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | നെയ്യാർ ഡാമിനടുത്തായി 120 എം എൽ ഡി ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിച്ച് അവിടെ നിന്നും 100 എം എൽ ഡി ശുദ്ധജലം തിരുവനന്തപുരം നഗരത്തിനും, 20 എം എൽ ഡി ശുദ്ധജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും എത്തിക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത് . നെയ്യാർ ഡാമിനടുത്തായി 120 എം എൽ ഡി ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിച്ചു ശുദ്ധീകരിച്ച ജലം 1422 മി.മീ വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പ് ലൈൻ സ്ഥാപിച്ച് , അതിലൂടെ ഗ്രാവിറ്റിയിൽ തിരുവനന്തപുരം നഗരത്തിൽ എത്തിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് . ഈ പദ്ധതിയുടെ ജലശുദ്ധീകരണശാലയുടേയും അനുബന്ധഘടകങ്ങളുടേയും നിർമ്മാണത്തിനായി 60 കോടി രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട് . ജലശുദ്ധീകരണ ശാലയുടേയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണത്തിനാവശ്യമായ സ്ഥലം നെയ്യാർ ഡാമിനടുത്തായി ഇറിഗേഷൻ വകുപ്പ് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ടുണ്ടായ കോടതി വ്യവഹാരം കാരണം പ്രവൃത്തികൾ തടസ്സപ്പെടുകയും, കരാർ ഉപേക്ഷിക്കേണ്ടതായും വന്നു. തുടർന്ന് നെയ്യാർ ഡാമിനടുത്തായി മറ്റൊരു സ്ഥലം ലഭ്യമാക്കുകയും അതനുസരിച്ച് പുതിയ കരാറിന് വേണ്ടിയുള്ള ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ദർഘാസ് അംഗീകരിക്കുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള പ്ലാന്റ് നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയുടെ സ്ഥിതിയും ഇത | (ബി) | നെയ്യാർ ഡാമിനടുത്തായി നിർമ്മിക്കുന്ന 120 എം എൽ ഡി ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ |

| | | | |
|---|---|---|---|
| | സംബന്ധിച്ച തുടർനടപടികൾ എന്താണെന്നും വിശദമാക്കാമോ? | | നിന്നും പി.റ്റി.പി നഗറിലെ ജലസംഭരണിവരെ എം.എസ് പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജലം തിരുവനന്തപുരം നഗരത്തിലെത്തിക്കുന്നതിനുള്ള പദ്ധതിക്ക് കിഫ്ബിയിലൂടെ 206.962 കോടി രൂപയുടെ അംഗീകാരം നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് നടപടികളിലേക്ക് കടക്കുകയും ചെയ്തിരുന്നു. എന്നാൽ കിഫ്ബിക്ക് ഐ എഫ് സി യിൽ ഫണ്ട് ലഭിക്കാൻ ഐ എഫ് സി യുടെ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി ദർഘാസ് ക്ഷണിക്കണമെന്ന് ആവശ്യപ്പെടുകയും, ഐ എഫ് സി യുടെ വായ്പ ലഭിക്കുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുകയും ചെയ്തിരിക്കുകയാണ് . ഇത് ലഭ്യമാകുന്ന മുറയ്ക്കേ തുടർ നടപടികൾ സ്വീകരിക്കാവൂ എന്ന് കിഫ്ബിയിൽ നിന്നും അറിയിച്ചിട്ടുള്ളതിനാൽ ദർഘാസ് നടപടികൾ നിർത്തി വച്ചിരിക്കുകയാണ് . |

സെക്ഷൻ ഓഫീസർ